കണ്ടുപിടിക്കാമെന്ന ഒരു ധാരണയാണ് ഉണ്ടായിരുന്നത്. ഏതായാലും ഈ സഭയുടെ കാലാവധി തീരാൻ പോകുകയാണ്. വരാൻ പോകുന്ന സഭയിലെങ്കിലും ഇത്തരം അനുഭവം ഉണ്ടാകാതിരിക്കാൻ ഒരു വ്യക്തമായ റൂളിംഗ് ഉണ്ടാകുന്നത് നല്ലതാണെന്ന് തോന്നുന്നു

X. റൂളിംഗ്

മി. സ്പീക്കർ: അനൗദ്യോഗികാംഗങ്ങളുടെ ബില്ലുകൾ സഭ മുമ്പാകെ വരുന്നതിനും യഥാർഹം ചർച്ച ചെയ്യുന്നതിനും, ആവശ്യമായ സമയം സിദ്ധിക്കുന്നില്ലെന്ന കാര്യം ഇവിടെ പല പ്രാവശ്യം ഉന്നയിക്കപ്പെട്ടു. കേരള സംസ്ഥാനം രൂപീകരിച്ച ശേഷം പുതിയ നടപടി ചട്ടങ്ങൾക്ക് രൂപം നൽകുന്നതിനായി നിയമിക്കപ്പെട്ട സ്പെഷ്യൽ കമ്മിറ്റി നിർമ്മിച്ച ചട്ടങ്ങൾ 1960 സെപ്റ്റംബർ 19-ാം തീയതി ഈ സഭ ചർച്ച ചെയ്യുകയും ആവശ്യമായ ഭേദഗതികളോടെ അംഗീകരിക്കുകയുമാണുണ്ടായത്. 1961 ജനുവരി 3-ന് നിലവിൽവന്നതും കാലാകാലം ഭേദഗതി ചെയ്തതുമായ ഇപ്പോഴത്തെ ചട്ടപ്രകാരം അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിന് വെള്ളിയാഴ്ച ദിവസമാണ് നീക്കിവച്ചിട്ടുള്ളത്. അപ്രകാരം കഴിഞ്ഞ 35 വർഷങ്ങളായി വെള്ളിയാഴ്ച ദിവസങ്ങളിലാണ് അനൗദ്യോഗികാംഗങ്ങളുടെ കാര്യം സഭ നടത്തുന്നത്. അനൗദ്യോഗിക ബില്ലുകൾക്ക് അർഹിക്കുന്ന സമയവും പ്രാധാന്യവും കിട്ടുന്നില്ല എന്നു ചൂണ്ടിക്കാണിക്കപ്പെട്ടപ്പോൾ മറ്റുപല ഇന്ത്യൻ സഭകളിലും നിലവിലുള്ളതുപോലെ ഒന്നിടവിട്ട വെള്ളിയാഴ്ചകൾ അനൗദ്യോഗികാംഗങ്ങളുടെ ബില്ലുകൾക്കും അവരുടെ പ്രമേയങ്ങൾക്കുമായി യഥാക്രമം എന്റെ മുൻഗാമി മുൻഗണനയും കൊടുത്തു.

വെള്ളിയാഴ്ച പന്ത്രണ്ടര മണിക്കും മറ്റു ദിവസങ്ങളിൽ ഒന്നര മണിക്കും ആണ് സഭ പിരിയുന്നത്. ആയതിനാൽ അനൗദ്യോഗികാംഗങ്ങളുടെ ദിവസം വെള്ളിയാഴ്ചയിൽനിന്ന് മറ്റേതെങ്കിലും ദിവസത്തേക്കു മാറ്റുന്നപക്ഷം ഗവൺമെന്റ് ബിസിനസ്സിനു ഒരു മണിക്കൂർ കുറവു വരുന്ന സാഹചര്യം സംജാതമാകും. അതുകൊണ്ട് കക്ഷി നേതാക്കൻമാർ കൂടിയാലോചിച്ച് അഭിപ്രായ ഐക്യം ഉണ്ടാക്കി നിയമസഭാ നടപടി ചട്ടങ്ങളിൽ വേണ്ട ഭേദഗതി വരുത്തി അനൗദ്യോഗികാംഗങ്ങളുടെ കാര്യം മറ്റൊരു ദിവസത്തേക്ക് മാറ്റുന്ന കാര്യം സജീവമായി പരിഗണിക്കുന്നതാണ്. അതുവരെ ഇന്നുള്ള നടപടി ക്രമങ്ങൾ തന്നെ തുടരാനേ സാധിക്കൂ.

XI. നിയമ നിർമ്മാണകാര്യം

1996-ലെ കേരള (പട്ടികജാതി-പട്ടികവർഗ്ഗ) ജാതി സർട്ടിഫിക്കറ്റ് നൽകൽ റഗുലേഷൻ ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

എക്സൈസ്, പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. പന്തളം സുധാകരൻ): സർ, 1996-ലെ കേരള (പട്ടികജാതി-പട്ടിക വർഗ്ഗ) റഗുലേഷൻ ഓഫ് ഇഷ്യൂ ഓഫ് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്സ് ബിൽ ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly